സർക്കാർ ഉത്തരവുണ്ടെങ്കിലും കെ.എസ്. & എസ്.എസ്.ആർ. റൂൾ (10) (എ.ബി)-യിൽ paid or non-paid apprentice കാലാവധി പ്രവൃത്തി പരിചയമായി കണക്കാക്കേണ്ട എന്ന ചട്ടം ഉള്ളതിനാൽ നാഷണൽ അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കറ്റ് പ്രവൃത്തി പരിചയമായി പബ്ലിക് സർവ്വീസ് കമ്മീഷൻ കണക്കാക്കുന്നില്ല.

(ബി) 6-7-1996-ലെ 514/6/എച്ച്.എൽ.ഡി നമ്പർ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഹാജരാക്കുന്നു.*

കെ. എം. ഗോപാലന് ചികിത്സാ ധനസഹായം

233 (2788) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാബുശ്ശേരി അസംബ്ലി മണ്ഡലത്തിലെ അത്തോളി ഗ്രാമപഞ്ചായത്ത് സ്വദേശി കെ. എം. ഗോപാലൻ എന്നയാൾ നിർമ്മാണ തൊഴിലാളി ക്ഷേമനിധി (അംഗത്വ നമ്പർ KZO32152) യിൽ നിന്ന് ചികിത്സാ ആനുകൂല്യത്തിനായി സമർപ്പിച്ച അപേക്ഷ (ഫയൽ നമ്പർ A7/270/14) പരിഗണിച്ച് സഹായം അനുവദിക്കാമോ ;

(ബി) പ്രമേഹ രോഗബാധയെ തുടർന്ന് കാൽ മുറിച്ചു മാറ്റേണ്ടി വന്ന ഇദ്ദേഹത്തിന് ചികിത്സാ ധനസഹായത്തിന് അർഹത നിഷേധിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) രോഗാവസ്ഥയിലും തുടർന്നും ക്ഷേമനിധി വരിസംഖ്യ മുടങ്ങാതെ അടച്ച ഇദ്ദേഹത്തിന് പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിക്കാമോ ?

ഉത്തരം

(എ) ജോലിക്കിടയിൽ ഉണ്ടായ അപകടത്തെ തുടർന്ന് സ്ഥിരവും സ്ഥായിയുമായ അവശതയുള്ള ധനസഹായത്തിനായി 16-6-2014-ന് ശ്രീ. കെ. എം. ഗോപാലൻ സമർപ്പിച്ച അപേക്ഷയിലെ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ മെഡിക്കൽ സർട്ടിഫിക്കറ്റിൽ 70% അവശതയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ നിലവിലെ നിയമമനുസരിച്ച് ജോലിക്കിടെയുണ്ടാകുന്ന അപകടം മൂലം സ്ഥിരവും സ്ഥായിയുമായ അവതയുള്ള ധനസഹായം അനുവദിക്കുന്നതിന് മെഡിക്കൽ ബോർഡ് നൽകുന്ന 100% അവശത സാക്ഷ്യപ്പെടുത്തുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ആയതിനാൽ ടിയാന് പ്രസ്തുത ധനസഹായത്തിന് അർഹതയില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല. പ്രമേഹ രോഗബാധയെ തുടർന്ന് കാൽ മുറിച്ചു മാറ്റേണ്ടിവന്ന ശ്രീ. കെ. എം. ഗോപാലന് കോഴിക്കോട് മെഡിക്കൽ കോളേജിൽ കിടന്ന് ചികിത്സ നടത്തിയ കാലയളവിലേയ്ക്ക് അർഹമായ സാധാരണ ചികിത്സാധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(സി) ശ്രീ. കെ.എം. ഗോപാലന് പ്രതിമാസം 600 രൂപ നിരക്കിൽ 8/2014 മുതൽ പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

അന്യ സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി നിയമ നിർമ്മാണം

234 (2789) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യ സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) അന്യ സംസ്ഥാന തൊഴിലാളികളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി എന്തെല്ലാം വ്യവസ്ഥകളാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്തുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) പരിഗണനയിലുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾക്ക്, ക്ഷേമനിധി ഉറപ്പാക്കുന്ന കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) അന്തർ സംസ്ഥാന തൊഴിലാളികളെ ജോലിക്ക് നിയോഗിക്കുന്ന തൊഴിലുടമകൾ മുഖേന ടി തൊഴിലാളികളുടെ നിർബന്ധിത രജിസ്ട്രേഷൻ നടത്തുന്നതിനും അന്തർ സംസ്ഥാന തൊഴിലാളികൾക്ക് ചികിത്സാ ധനസഹായം, അപകട മരണം സംഭവിക്കുകയാണെങ്കിൽ മരണാനന്തര ആശ്വാസധനസഹായം, 5-ൽ

LIBRARY ARCHIVES Kerala Legislative Assembly